**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3541** **05-08-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ നവീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിലെ വ്യവസായ സംരംഭങ്ങളെ കൂടുതൽ തൊഴിൽ ലഭ്യത നൽകുന്ന തരത്തിൽ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | ആലപ്പുഴ ജില്ലയിലെ 6 വ്യവസായ വികസന പ്ലോട്ട്/ ഏരിയ-കളിലും മിനി വ്യവസായ എസ്റ്റേറ്റുകളിലും വേണ്ട അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി അവരുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതു വഴിയും പുന്നപ്രയിലെ ഉദ്ഘാടനത്തിനു സജ്ജമായ എല്ലാ വിധ ആധുനിക സൌകര്യങ്ങളുള്ള ശാലയിൽ പുതിയ സംരംഭകരെ ഉൾപ്പെടുത്തിയും ജില്ലയിലെ തൊഴിൽ ലഭ്യത ഉയർത്തുന്നതാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ പള്ളിപ്പുറത്തുള്ള വ്യവസായ വളർച്ച കേന്ദ്രത്തിലും പുതുതായി ആരംഭിക്കുന്ന മെഗാ ഫുഡ് പാർക്കിലും പുതിയ യൂണിറ്റുകൾക്ക് സ്ഥലവും വ്യവസായ സമുച്ചയവും ലഭ്യമാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനവും തൊഴിലവസരങ്ങളും ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിൽ 7 വ്യവസായ ഷെഡ്ഡുകൾ പുതിയ വ്യവസായം തുടങ്ങുന്നതിന് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ആലപ്പുഴ ജില്ലയിൽ പുതിയ വ്യവസായ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ? | (ബി) | ആലപ്പുഴ ജില്ലയിലെ 6 വ്യവസായ വികസന പ്ലോട്ട്/ ഏരിയ-കളിലും മിനി വ്യവസായ എസ്റ്റേറ്റുകളിലും വേണ്ട അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി അവരുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതു വഴിയും പുന്നപ്രയിലെ ഉദ്ഘാടനത്തിനു സജ്ജമായ എല്ലാ വിധ ആധുനിക സൌകര്യങ്ങളുള്ള ശാലയിൽ പുതിയ സംരംഭകരെ ഉൾപ്പെടുത്തിയും ജില്ലയിലെ തൊഴിൽ ലഭ്യത ഉയർത്തുന്നതാണ്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ പള്ളിപ്പുറത്തുള്ള വ്യവസായ വളർച്ച കേന്ദ്രത്തിലും പുതുതായി |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്ന മെഗാ ഫുഡ് പാർക്കിലും പുതിയ യൂണിറ്റുകൾക്ക് സ്ഥലവും വ്യവസായ സമുച്ചയവും ലഭ്യമാക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനവും തൊഴിലവസരങ്ങളും ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്ന നടപടി കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിൽ 7 വ്യവസായ ഷെഡ്ഡുകൾ പുതിയ വ്യവസായം തുടങ്ങുന്നതിന് അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ